8125
7/2/18

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്- കോട്ടയം ഡിവിഷനിലെ നഗരംപാറ റെയിഞ്ചിലെ ചുരുളി-വാഴത്തോപ്പ് എൻആർഎഫ് ക്ലൂപ്പുകളിൽ നിന്നും മരങ്ങൾ നഷ്ടപ്പെടൽ-ശ്രീ.ബേബി സാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെയുള്ള അച്ചടക്ക നടപടി- കുറ്റവിമുക്തനാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.56/2018/വനം തീയതി, തിരുവനന്തപുരം, 02.02.2018

പരാമർശം:- 1) 21.08.2014 ലെ 2265/എ1/2014/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

2) 22.04.2016 ലെ സ.ഉ.(സാധാ) നം.166/2016/വനം ഉത്തരവ്

3) 18.11.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി3-34706/2009 നമ്പർ കത്ത്

4) 21.12.2016 ലെ 1022710/എ1/2016/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5) 04.02.2017, 21.11.2017 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി3-34706/2009 നമ്പർ കത്തുകൾ

6) 25.02.2017 ലെ സ.ഉ.(സാധാ) നം.71/2017/വനം ഉത്തരവ്

ഉത്തരവ്

കോട്ടയം ഡിവിഷനിലെ നഗരംപാറ റെയിഞ്ചിലെ ചുരുളി-വാഴത്തോപ്പ് എൻആർഎഫ് ക്ലൂപ്പുകളിൽ നിന്നും മരങ്ങൾ നഷ്ടപ്പെട്ടതു നിമിത്തം സർക്കാർ നഷ്ടം ഉണ്ടായതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുമാരായ സർവ്വശ്രീ.സി.ബാബു, ബേബി സാജൻ, എന്നിവർക്ക് പരാമർശം (1) പ്രകാരം സർക്കാർ തലത്തിൽ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2) ശ്രീ.ബേബി സാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്:

(i) തടി ശേഖരണത്തിനായി നൽകുന്നതിനു മുമ്പ് ചുരുളി-വാഴത്തോപ്പ് എൻആർഎഫ് കൂപ്പിലെ മരങ്ങളുടെ എണ്ണം പുനർ നിർണ്ണയിക്കുന്നതിൽ പരാജയപ്പെട്ടു.

(ii) 11.12.1996 ൽ മരം മുറിക്കുന്നതിനായി കരാറിൽ ഏർപ്പെട്ട കോൺട്രാക്ടർക്ക് ഫോറസ്റ്റ് കോഡിൽ അനുശാസിക്കുന്ന പ്രകാരം മരങ്ങളുടെ ലിസ്റ്റുമായി കൂപ്പ് കൈമാറുന്നതിൽ പരാജയപ്പെട്ടു.

(iii) കോൺട്രാക്ടർക്ക് ശരിയായ കൈപ്പറ്റ് സഹിതം മരങ്ങളുടെ ലിസ്റ്റ് നൽകി കൂപ്പ് കൈമാറാതിരുന്നതുവഴി കോൺട്രാക്ടർ കൂപ്പിൽ കടക്കുന്നതിനു മുമ്പ് മരങ്ങളുടെ കുറവുണ്ടായിരുന്നോയെന്ന് തിട്ടപ്പെടുത്താൻ സാധിക്കാതെ വന്നു.

(iv) റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ ദയനീയമായി പരാജയപ്പെട്ടതു വഴി കൃത്യവിലോപം കാട്ടി.

3) കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലായെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായം അറിയിച്ചതിനെത്തുടർന്ന് ടി വിഷയത്തിൽ ഒരു ഔപചാരിക അന്വേഷണത്തിന് പരാമർശം (2) പ്രകാരം ഉത്തരവായി.

4) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), പരാമർശം (3) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം ലഭ്യമാക്കി.

5) ശ്രീ.സി. ബാബു, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററിനെതിരെയുള്ള പ്രധാന ചാർജ്ജ് ഒന്നും തന്നെ തെളിഞ്ഞിട്ടില്ലായെന്നും, രണ്ടാം ഘട്ടമായി ചുരുളി, വാഴത്തോപ്പ് എൻ ആർ എഫ് കൂപ്പ് കോൺട്രാക്ടർ ശ്രീ.ബേബി ജോസഫ് 11.12.1996 ൽ എഗ്രിമെന്റ് വെച്ചശേഷം കൂപ്പ് ഏറ്റെടുക്കുന്നതിനു മുൻപായി ഫോറസ്റ്റ് കോഡിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മരങ്ങളുടെ ലിസ്റ്റ് കോൺട്രാക്ടറെ ഏൽപ്പിച്ച് കൈപ്പറ്റ് വാങ്ങിയതായി കാണുന്നില്ല. അതിനാൽ ശ്രീ.ബേബി സാജനെതിരെയുള്ള നാല് ചാർജ്ജുകളിൽ 2,3 ചാർജ്ജുകൾ ഭാഗികമായി തെളിഞ്ഞതായും 1,4 ചാർജ്ജുകൾ നിലനിൽക്കുന്നതല്ലെന്നും അന്വേഷണാധികാരി കണ്ടെത്തി. കൂപ്പ്, കോൺട്രാക്ടറെ ഏൽപ്പിച്ചുവെങ്കിലും വൈകാതെ

ക്കുപ്പിലുണ്ടായിരുന്ന മരങ്ങളും നഷ്ടപ്പെട്ടുപോയ മരങ്ങളും തിട്ടപ്പെടുത്തുകയും ചെയ്തതിൽ നിന്നും ശ്രീ.ബേബി സാജൻ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി കാണാൻ കഴിയില്ലെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

6) അന്വേഷണാധികാരിയുടെ കണ്ടെത്തലുകളോട് യോജിച്ചുകൊണ്ട് കുറ്റാരോപിതരെ ചാർജ്ജുകളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്തു.

7) എന്നാൽ വനം വകുപ്പിലെ ഉത്തരവാദിത്തപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെന്ന നിലയിൽ, ഫോറസ്റ്റ് കോഡിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ടിയാന്മാരെ പൂർണ്ണമായും കുറ്റവിമുക്തരാക്കണമെന്ന ശുപാർശ അംഗീകരിക്കാവുന്നതല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 11 (iii) പ്രകാരം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുമാരായ സർവ്വശ്രീ.സി.ബാബു, ബേബി സാജൻ എന്നിവർക്ക് 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയാൻ' സർക്കാർ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

8) ടി കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.സി.ബാബു, സമർപ്പിച്ച വിശദീകരണവും അതിന്മേലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) അഭിപ്രായവും പരിഗണിച്ചുകൊണ്ട് ടിയാനെ കുറ്റവിമുക്തനാക്കി പരാമർശം (6) പ്രകാരം ഉത്തരവായി.

9) ശ്രീ.ബേബി സാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 10.01.2017 തീയതിയായി കൈപ്പറ്റ് സമർപ്പിച്ചെങ്കിലും വിശദീകരണം സമർപ്പിച്ചില്ല. കാരണം കാണിക്കൽ നോട്ടീസിൽ തന്നെ ടി നോട്ടീസ് കൈപ്പറ്റി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (15 ദിവസത്തിനകം) വിശദീകരണം ലഭിക്കാത്തപക്ഷം ടി ഉദ്യോഗസ്ഥന് യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ തുടർനടപടി തുടരുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും അച്ചടക്ക നടപടി കൃത്യമായി ചട്ടങ്ങൾ പാലിച്ചുകൊണ്ടും സ്വാഭാവിക നീതി ഉറപ്പ് വരുത്തിക്കൊണ്ടും തീർപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ.ബേബി സാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് നേരിൽ കേൾക്കാനുള്ള അവസരം കൂടി നൽകി.

10) ഹിയറിംഗ് വേളയിൽ, ശ്രീ.ബേബി സാജൻ സമർപ്പിച്ച വിശദീകരണത്തിന്റെ പകർപ്പ് വനംവകുപ്പാസ്ഥാനത്തെ ഉദ്യോഗസ്ഥർ അഭിപ്രായം സഹിതം ലഭ്യമാക്കി. പ്രസ്തുത വിശദീകരണത്തിൽ നഗരംപാറ റെയിഞ്ച് . ഫോറസ്റ്റ് ഓഫീസർ ആയിരിക്കുമ്പോൾ ചുരുളി, വാഴത്തോപ്പ് എൻ.ആർ.എഫ്. ക്ലൂപ്പുകളിൽ നിന്ന് മരങ്ങൾ മുറിച്ച് ശേഖരിക്കുന്ന ജോലികൾ നടത്തുകയുണ്ടായി എന്നും ടി റെയിഞ്ചിൽ ചാർജ്ജ് എടുക്കുന്നതിന് മുമ്പ് തന്നെ ടി ജോലി ചെയ്യുന്നതിന് ശ്രീ.ബേബി ജോസഫ്, തയ്യിൽ വീട്, തീക്കോയി ഈരാറ്റുപേട്ട എന്നയാൾക്ക് ഏൽപ്പിച്ചുകൊടുത്തിരുന്നു എന്നും എന്നാൽ ചാർജ്ജ് എടുക്കുന്നതിന് ഏകദേശം മൂന്നരവർഷം മുമ്പ് ഏതോ കാരണങ്ങളാൽ ഈ ജോലികൾ നിർത്തിവയ്ക്കുകയുണ്ടായി എന്നും അറിയിച്ചിട്ടുണ്ട്. പിന്നീട് ചാർജ്ജെടുത്തതിന് ശേഷം ക്ലൂപ്പ് ജോലികൾ ടി ബേബി ജോസഫിനെ തന്നെ മേലധികാരത്തിൽ നിന്നും ചുമതലപ്പെടുത്തുകയുണ്ടായി. മേൽപ്പറഞ്ഞ മൂന്നര വർഷത്തിനുള്ളിൽ ടി ക്ലൂപ്പിൽ നിന്നും മരങ്ങൾ നഷ്ടപ്പെട്ടിരിക്കാൻ സാധ്യതയുണ്ടെന്ന് സംശയിച്ചതിനാൽ തൽസമയം നിലവിലുള്ള മരങ്ങളുടെ ഒരു എന്യൂമറേഷൻ ലിസ്റ്റ് തയ്യാറാക്കി (ഉയരം, വണ്ണം, വ്യാപ്തം, നഷ്ടം തുടങ്ങിയവ) മേലധികാരികൾക്ക് സമർപ്പിക്കുകയുണ്ടായി. ഇതിനുശേഷമാണ് ബേബി ജോസഫിനെ ക്ലൂപ്പ് ജോലികൾ തുടരുന്നതിനായി അനുവദിച്ചിട്ടുള്ളത്. അവശേഷിക്കുന്ന മരങ്ങൾ മുറിച്ചു ശേഖരിച്ച് ബന്ധപ്പെട്ട ഡിപ്പോകളിൽ എത്തിക്കുന്നതിനായി ടിയാനെ രേഖാമൂലം ഏൽപ്പിച്ചിട്ടുള്ളതാണ്.
ഇതിനുശേഷം ടി കോൺട്രാക്ടർ യാതൊരു പരാതിയ്ക്കും ഇടവരാത്ത രീതിയിൽ മരങ്ങൾ മുറിച്ചു ശേഖരിക്കുകയും അതാത് ഡിപ്പോകളിൽ എത്തിക്കുകയും ടിയാന് അർഹതപ്പെട്ട മുഴുവൻ തുകയും ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകിയിട്ടുള്ളതുമാണ്. ഇക്കാര്യങ്ങൾ മേലുദ്യോഗസ്ഥന്മാർ യഥാസമയം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

11) വിശദീകരണത്തിലെ മേൽ വസ്തുതകൾ തന്നെ നേരിൽ കേട്ട വേളയിലും ടിയാൻ ആവർത്തിച്ചു. ഈ കേസിൽ ആകെ 63 ജീവനക്കാർ ആരോപണ വിധേയരായെങ്കിലും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരായ സർവ്വശ്രീ.ബേബി സാജൻ, സി.ബാബു ഇവർക്കെതിരെ മാത്രമാണ് അച്ചടക്ക നടപടി ആരംഭിച്ചത്. അന്വേഷണാധികാരിയുടെ റിപ്പോർട്ട് പ്രകാരം സർവ്വശ്രീ.സി.ബാബു, ബേബി സാജൻ എന്നിവർക്കെതിരെയുള്ള പ്രധാന

ചാർജ്ജുകൾ തെളിഞ്ഞിട്ടില്ല. ഈ കേസിലെ കുറ്റാരോപിതനായ ശ്രീ.സി.ബാബുവിനെ കുറ്റവിമുക്തനാക്കിയിരുന്നു. ആയതിനാൽ ഔപചാരികാന്വേഷണ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട്, ശ്രീ.ബേബി സാജന്റെ ഭാഗത്തു നിന്നുണ്ടായ സാങ്കേതിക പിഴവ് മാപ്പാക്കി ടിയാനെ ശിക്ഷാ നടപടിയിൽ നിന്നും ഒഴിവാക്കാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ശുപാർശ ചെയ്തു.

17) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നേരിൽ കേട്ട വേളയിലെ വസ്തുതകളും, ബന്ധപ്പെട്ട ഫയലുകളും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അഭിപ്രായവും പരിശോധിക്കുമ്പോൾ സർക്കാർ നഷ്ടം ഉണ്ടായിട്ടില്ലാത്തതു കൊണ്ടും മറ്റു കുറ്റാരോപിതരെ കുറ്റവിമുക്തരാക്കിയിട്ടുള്ളതിനാലും ഈ വിഷയത്തിൽ മനഃപൂർവ്വമായ ഒരു വീഴ്ച ശ്രീ.ബേബി സാജന്റെ ഭാഗത്തു നിന്നും ഉണ്ടായതായി കാണുന്നില്ല എന്നതു കൊണ്ടും ടിയാനെ കുറ്റവിമുക്തനാക്കി പരാമർശം (1) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.ബേബി സാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ